***26/07/2018-ന് കുടുംബശ്രീ സംസ്ഥാന മിഷനിൽ വച്ച് നടന്ന കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്കുള്ള സംയോജന സാധ്യത അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ കേരള എന്നീ സ്ഥാപനങ്ങളുമായുള്ള യോഗത്തിന്റെ നടപടിക്രമം.***

അനർട്ട്, എനർജി മാനേജ്***മെന്റ്*** സെന്റർ കേരള എന്നീ സ്ഥാപനങ്ങളുടെ പദ്ധതികളുമായി കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്കുള്ള സംയോജന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ചേംബറിൽ വച്ച് 26/7/2018 -ന് വൈകുന്നേരം 3 മണിക്ക് യോഗം ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ താഴെപറയുന്ന അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീ. എസ്. ഹരികിഷോർ. ഐഎഎസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
2. ശ്രീ. അജിത് കുമാർ. സി. റ്റി., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, അനർട്ട്
3. ശ്രീ. ജോൺസൺ ഡാനിയൽ, എനർജി ടെക്നോളജിസ്റ്റ്, എനർജി മാനേജ്മെന്റ് സെന്റർ, കേരള
4. ശ്രീ. ബി.വി. സുഭാഷ് ബാബു, എനർജി ടെക്നോളജിസ്റ്റ്, എനർജി മാനേജ്മെന്റ് സെന്റർ, കേരള
5. ശ്രീ. രതീഷ്.എസ്., സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ (എംഇ), കുടുംബശ്രീ

**തീരുമാനങ്ങൾ**

1. എൽഇഡി ബൾബ് റിപ്പയറിംഗ് സാധ്യതകൾ കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്കും, ഹരിതകർമ്മ സേനാ യൂണിറ്റുകൾക്കും പ്രയോജനപ്പെടുത്താവുന്നതാണെന്ന് യോഗം വിലയിരുത്തി.

2. എൽഇഡി ബൾബ്, ട്യൂബ് ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവയുടെ റിപ്പയറിംഗ്, സർവ്വീസ് എന്നിവയിൽ കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകാമെന്ന് എനർജി മാനേജ്മെന്റ് സെന്റർ അറിയിച്ചു.

3. കുടുംബശ്രീ മൈക്രോ സംരംഭങ്ങളിൽപ്പെടുന്ന എൽഇഡി യൂണിറ്റുകൾക്ക് സ്റ്റാർ ലേബൽ കിട്ടുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് വ്യക്തത ലഭിക്കാൻ എനർജി മാനേജ്മെന്റ് സെന്റർ സഹായിക്കാമെന്ന് അറിയിച്ചു.

4. പ്രവർത്തനരഹിതമായ എൽഇഡി ബൾബുകൾ റിപ്പയർ ചെയ്ത് പുനരുപയോഗ ക്ഷമമാക്കുന്ന പ്രവർത്തനം, ഗ്യാസ് സ്റ്റൗ ക്ലീനിംഗ്, സോളാർ പാനൽ വൃത്തിയാക്കൽ എന്നിവ ഹരിതകർമ്മസേനയ്ക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളാണെന്ന് വിലയിരുത്തപ്പെട്ടു.

5. കുടുംബശ്രീ അംഗങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് സർവ്വീസിംഗ് പരിശീലനം ലഭ്യമാക്കാമെന്ന് അനർട്ട് അറിയിച്ചു.

6. സ്ഥാപനങ്ങളിലും വീടുകളിലും മറ്റും സോളാർ പാനൽ ഇൻസ്റ്റലേഷന്റെ ഭാഗമായി റൂഫ് ടോപ്പ് ഏരിയ എടുക്കുന്നതിനുള്ള പരിശീലനം കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കുകയും തുടർ ഘട്ടങ്ങളിൽ നിശ്ചിത ഫീ ലഭ്യമാക്കികൊണ്ട് പ്രവർത്തനത്തിലേർപ്പെടുന്നതിനുള്ള പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്താവുന്നതുമാണെന്ന് അനർട്ട് അറിയിച്ചു.

യോഗം 3.45-ന് അവസാനിച്ചു.

(signature) 1/9/1

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ